LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ഡിവിഷൻ രൂപീകരിക്കുന്നതിന്റെ മാനദണ്ഡം

172 (5577) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഡിവിഷൻ രൂപീകരിക്കുന്നതിന്റെ മാനദണ്ഡം എന്താണ് ;

(ബി) ഒരു ഡിവിഷനിൽ എത്ര സെക്ഷൻ ഓഫീസുകളും എത്ര ഉപഭോക്താക്കളും ആകാം എന്ന് വിശദമാക്കുമോ ;

(സി) നിലവിൽ മഞ്ചേരി ഡിവിഷനിൽ എത്ര സബ്ഡിവിഷൻ, സെക്ഷൻ ഓഫീസ്, ഉപഭോക്താക്കൾ എന്നിവരുണ്ട് ;

(ഡി) കൊണ്ടോട്ടി ആസ്ഥാനമാക്കി പുതിയ ഇലക്ട്രിക്കൽ ഡിവിഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി, പ്രത്യേക ഭൂപ്രകൃതി എന്നിവ പരിഗണിച്ചാണ് ഡിവിഷൻ/സെക്ഷൻ ഓഫീസുകൾ രൂപീകരിക്കുന്നത്.

(സി) 2.26 ലക്ഷം ഉപഭോക്താക്കൾ ഉള്ള മഞ്ചേരി ഡിവിഷനിൽ 4 സബ്ഡിവിഷനും 14 സെക്ഷൻ ഓഫീസുകളും ഉണ്ട്.

(ഡി) മഞ്ചേരി ഡിവിഷനിൽ ഉള്ളതിനേക്കാൾ കൂടുതൽ ഉപഭോക്താക്കളുള്ള മൂന്ന് ഡിവിഷനുകൾ കെ.എസ്.ഇ.ബി.യുടെ കീഴിൽ നിലവിലുണ്ട്. കൊണ്ടോട്ടി ആസ്ഥാനമാക്കി പുതിയ ഡിവിഷൻ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

മാങ്കുളം പഞ്ചായത്തിലെ വൈദ്യുതി പദ്ധതി കെ.എസ്.ഇ.ബോർഡ് ഏറ്റെടുക്കാൻ നടപടി

173 (5578) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ആദ്യമായി വൈദ്യുതി ഉല്പാദിപ്പിച്ച പഞ്ചായത്തായ മാങ്കുളം പഞ്ചായത്തിലെ വൈദ്യുതി പദ്ധതി കെ.എസ്.ഇ. ബോർഡ് ഏറ്റെടുത്തിട്ടുണ്ടോ ;

(ബി) ഇപ്പോൾ മാങ്കുളം പഞ്ചായത്തിൽ എത്രമാത്രം വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട് ;

(സി) അതിന്റെ കാര്യക്ഷമതയും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ ?